**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 730** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ചിറ്റാരിപറമ്പ്,കോളയാട് പഞ്ചായത്തുകളിലെ കാട്ടാന ശല്യം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ്

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

**(എ)** മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ചിറ്റാരിപ്പറമ്പ്, കോളയാട് പഞ്ചായത്തുകളിൽ കാട്ടാന ശല്യവും വന്യജീവി ആക്രമണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

**<u>മറുപടി:</u>** കണ്ണവം റേഞ്ച് പരിധിയിൽ പറക്കാട്, ആക്കംമൂല, പുന്നേരി, പന്നിയോട്, കാണിയൂർ, വെളമ്പം കടവ്, ഇളമാങ്കൽ, ചെന്നപ്പൊയിൽ, നരിക്കോട് മേഖലകളിൽ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്നുണ്ട്. വെളുമ്പം എന്ന പ്രദേശം കണ്ണോത്ത് റിസർവ്വ് വനത്തിന്റെ അതിർത്തിയിലും ബാക്കിയുള്ളവ കണ്ണോത്ത് റിസർവ്വ് വനത്തിന്റെ ഉള്ളിലായി, വനാവകാശം നൽകിയിട്ടുള്ളതും നിലവിൽ വനഭൂമിയിൽ സ്ഥിതി ചെയ്യുന്നതുമായ ഗോത്രവർഗ്ഗ ഉന്നതികളാണ്. നിലവിൽ നാലോളം ആനക്കൂട്ടങ്ങളാണ് ഈ വനപ്രദേശത്ത് സഞ്ചരിക്കുന്നതായി കണ്ടുവരുന്നത്. വനപാലകർ രാത്രിയും പകലും പ്രദേശത്ത് നിരീക്ഷണം നടത്തുകയും ആനകളെ ഉൾവനത്തിലേക്ക് തുരത്തുകയും ചെയ്യുന്നുണ്ടെങ്കിലും ആനകൾ റിസർവ്വിനുള്ളിലുള്ള ജനവാസ മേഖലയിലേക്ക് തിരിച്ചെത്തുന്ന സാഹചര്യമാണുള്ളത്. കണ്ണോത്ത് റിസർവ് വനം ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ വിജ്ഞാപനം ചെയ്തതും വന്യജീവികൾ അധിവസിക്കുന്ന മേഖലയുമാണ്. ടി മേഖല ആനകളുടെ പരമ്പരാഗത സഞ്ചാരപാത ആയതിനാലും, വെള്ളവും ഭക്ഷണവും ലഭ്യമാകുന്നതിനാലുമാണ് മേൽ സാഹചര്യം നിലനിൽക്കുന്നത്.

കല്ലുരുട്ടി ഭാഗത്ത് ഒരു താൽക്കാലിക വാച്ച് ടവർ നിർമ്മിച്ചിട്ടുള്ളതും നിരന്തര പട്രോളിംഗ്, നിരീക്ഷണം എന്നിവ നടത്തിവരുന്നതുമാണ്. വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന ഏകദേശം 25 എൻക്ലോഷറുകളിൽ താമസിക്കുന്ന ജനങ്ങൾ കാട്ടാനകൾ കാരണമുള്ള സംഘർഷ ബാധിതരാണ്. പ്രദേശത്തെ ജനങ്ങളുടെ സുരക്ഷയ്ക്കായി പറക്കാട് ഉന്നതിക്ക് ചുറ്റുമായി 3.0 കി.മീ., ആക്കംമൂലയിൽ 2.5 കി.മീ., എന്നിങ്ങനെ 5.5 കി.മീ. സോളാർ ഫെൻസ് കോളയാട് ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ നരിക്കോട്-പന്നിയോട് ഭാഗത്ത് 5.0 കി.മീ. സോളാർ ഹാങ്ങിംഗ് ഫെൻസിങ് വകുപ്പ് തലത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നരിക്കോട് മുതൽ പന്നിയോട് വരെ ഹാങ്ങിംഗ് സോളാർ ഫെൻസിങ് നിർമ്മിക്കുന്നതിനുള്ള അടങ്കൽ ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും

ഫണ്ടിന്റെ അപര്യാപ്തത മൂലം പദ്ധതി ഇതുവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വിഷയം ജനജാഗ്രതാ സമിതി യോഗങ്ങളിൽ അവതരിപ്പിച്ചിട്ടുള്ളതാണ്.

**(ബി)** പ്രസ്തുത മേഖലയിൽ വന്യജീവി ആക്രമണം മൂലമുണ്ടായ കാർഷികവിള നാശങ്ങൾക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**മറുപടി:** നിലവിൽ പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മനുഷ്യ-വന്യജീവി സംഘർഷം കാരണമുള്ള കാർഷിക വിളനാശം, സ്വത്ത് നാശം എന്നിവയ്ക്കുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അപേക്ഷകൾ പരിശോധന നടത്തി അർഹമായ നഷ്ടപരിഹാരം ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് കാലതാമസം കൂടാതെ അനുവദിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**